ഉത്തരം

(എ) 12 പെട്രോൾ/ഡീസൽ പമ്പുകൾ ഈ വർഷം പരിശോധിച്ചിട്ടുണ്ട്.

(ബി) പരിശോധനയിൽ രണ്ടു പമ്പുകളിൽ കുറവുകണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നഗരത്തിലെ പമ്പുകൾക്കുപുറമേ ഗ്രാമപ്രദേശങ്ങളിലുള്ള പമ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയും പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഓട്ടോറിക്ഷകളിൽ മീറ്റർ വയ്ക്കുന്നതിന് നടപടി

61 (1422)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഡ മെട്രോളജി വകുപ്പിൽ ഓട്ടോറിക്ഷകളിൽ മീറ്റർ വയ്ക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) മീറ്റർ സീൽ ചെയ്യുന്നതിൽ ഈടാക്കുന്ന ഫീസ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) മീറ്റർ സീലിംഗ് നടത്തുന്നതിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) മീറ്റർ സീൽചെയ്ത എത്ര വാഹനങ്ങൾ സംസ്ഥാനത്തുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓട്ടോറിക്ഷകളിൽ മീറ്റർ വയ്ക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നത് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്. മീറ്റർ വച്ചുകഴിഞ്ഞാൽ ടി മീറ്ററുകൾ ശരിയാണോ തെറ്റാണോയെന്ന് പരിശോധിച്ച് മുദ്രചെയ്ത് കൊടുക്കുകയെന്നുള്ളതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ ചുമതല മീറ്ററുകൾ ശരിയാണോയെന്നറിയുന്നതിനു വേണ്ടി 'ബെഞ്ച് ടെസ്റ്റ്' 'റോഡ് ടെസ്റ്റ്' എന്നിങ്ങനെ 2 ടെസ്റ്റുകൾ നടത്തിവരുന്നു. ടി. രണ്ടു ടെസ്റ്റിലും മീറ്റർ ശരിയാണെന്നു കാണുന്നപക്ഷം മുദ്രവച്ച് സർട്ടിഫിക്കറ്റ് നൽകുന്നു.

(ബി) മീറ്റർ സീൽ ചെയ്യുന്നതിന് ഈടാക്കുന്ന ഫീസ് 40/ രൂപയാണ്.

(സി) മീറ്റർ ചാർജ്ജ് റിവിഷൻ വന്നപ്പോൾ മീറ്ററുകൾ എളുപ്പത്തിൽ മുദ്രചെയ്തു കിട്ടുന്നില്ലായെന്നതു സംബന്ധിച്ച് ചില പരാതികൾ വന്നിരുന്നു. പ്രത്യേകിച്ചും കോഴിക്കോട് ജില്ലയിൽനിന്നുമാണ് പരാതികൾ വന്നിരുന്നത്. ടി പരാതി പരിഹരിക്കുന്നതിനായി പുതിയ റേറ്റിൽ സീൽചെയ്ത് കിട്ടുന്നതുവരെ ഉപയോഗിക്കുന്നതിനായി പഴയ റേറ്റും പുതിയ റേറ്റും കാണിച്ചിട്ടുള്ള താരിഫ് കാർഡുകൾ ഓട്ടോറിക്ഷകളിൽ പ്രദർശിപ്പിക്കുന്നതിനായി വിതരണം ചെയ്തിരുന്നു. ഇപ്പോൾ ടി വിഷയത്തിൽ കാര്യമായ പരാതികളൊന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ മീറ്റർ സീൽചെയ്ത 35390 വാഹനങ്ങളുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	5710
കൊല്ലം	-	1510
പത്തനംതിട്ട	-	949
ആലപ്പുഴ	-	2350
കോട്ടയം	-	919
ഇടുക്കി	-	431
എറണാകുളം	-	6448
തൃശ്ശൂർ	-	2670
പാലക്കാട്	-	1550
മലപ്പുറം	-	1643
കോഴിക്കോട്	-	5251
വയനാട്	-	468
കണ്ണൂർ	-	4057
കാസർഗോഡ്	-	1434
ആകെ	-	**35390**

അളവുതൂക്ക നിയമം ലംഘിച്ചവർക്കെതിരെ സ്വീകരിച്ച നടപടി

62 (1423) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) അളവുതൂക്ക നിയമലംഘനത്തിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേരെ പിടികൂടിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പാക്കേജ് കമ്മോഡിറ്റീസ് നിയമം ലംഘിച്ചതിന് ഈ കാലയളവിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു;

(സി) അളവുതൂക്ക നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ജനുവരി മാസം വരെ 11,422 കേസ്സുകൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 2104 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(സി) അളവുതൂക്ക നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മിന്നൽ പരിശോധന നടത്തുന്നതിന് എല്ലാ നിർവഹണ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly